**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3892** **15-07-2022 - ൽ മറുപടിയ്ക്ക്**

**ഹീമോഫീലിയ രോഗികൾക്കുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹീമോഫീലിയ ചികിൽസ കാരുണ്യ പദ്ധതിയിൽ നിന്നും ആശാധാര പദ്ധതിയിലേക്ക് മാറ്റിയതിന് ശേഷം ചികിൽസയ്ക്ക് ബുദ്ധിമുട്ട് നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയം സംബന്ധിച്ച് നിവേദനം ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഹീമോഫീലിയ ചികിത്സ കാരുണ്യ പദ്ധതിയിൽ നിന്നും ആശാധാര പദ്ധതിയിലേയ്ക്ക് മാറ്റിയതു മൂലമുള്ള ബുദ്ധിമുട്ടുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായതും ഫലവത്തായതുമായ ചികിത്സ ഉറപ്പാക്കുന്നതിനായി ഹീമോഫീലിയ ബാധിതർക്ക് കാരുണ്യ പദ്ധതിയുടെ നടത്തിപ്പിൽ മാറ്റങ്ങൾ വരുത്തുകയും നിവേദനങ്ങളിൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്ക് അനുസൃതമായി മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. കാരുണ്യ ബെനവലൻറ് ഫണ്ടിൽ നിന്നും പണം ലഭ്യമാക്കി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ 35 ഓളം കാരുണ്യ ഫർമസികൾ വഴി ഹീമോഫീലിയ രോഗ ചികിത്സയ്ക്ക് ആവശ്യമായ ഫാക്ടറുകൾ ലഭ്യമാക്കി, രോഗികൾക്ക് ഗവൺമെന്റ് ഡോക്ടറുടെ കുറിപ്പടിയ്ക്ക് അനുസരിച്ച് ഇവിടങ്ങളിൽ നിന്നും മരുന്ന് വാങ്ങി ഉപയോഗിക്കാൻ കഴിയുന്ന രീതിയാണ് മുൻപ് അനുവർത്തിച്ചു വന്നിരുന്നത്. രോഗികൾക്ക് കൃത്യ സമയത്ത് ശരിയായ രീതിയിലും അളവിലും ദേശീയ അന്തർ ദേശീയ മാനദണ്ഡങ്ങൾ പ്രകാരമുള്ള ചികിത്സ ലഭ്യമാക്കുന്നതിനും, രോഗികൾക്കുള്ള ബോധവൽക്കരണം നടത്തുന്നതിനും ലക്ഷ്യമിട്ടു കൊണ്ടാണ് "ആശാധാര" പദ്ധതി നടപ്പിലാക്കിയത്. വികേന്ദ്രീകൃതവും, അതിനൂതനവുമായ ചികിത്സാ രീതികൾ ഉൾപ്പെടുത്തി കൊണ്ടാണ് താലൂക്ക്, ജില്ലാ ആശുപത്രികൾ മുഖാന്തരവും, റീജിയണൽ ഹീമോഫീലിയ ട്രീറ്റ്മെൻറ് സെന്ററുകൾ, മെഡിക്കൽ കോളേജുകൾ എന്നീ തലങ്ങളിൽ ചികിത്സാ സൗകര്യം ഈ പദ്ധതിയിൽ ലഭ്യമാക്കിയിട്ടുള്ളത്. രോഗികൾക്ക് ചികിത്സ തേടുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിച്ചാണ് ജില്ലാ കേന്ദ്രങ്ങളിൽ മാത്രം ലഭ്യമായിരുന്ന മരുന്ന് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 50 ൽ അധികം താലൂക്ക് |

| | | | |
|---|---|---|---|
| | | | ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുള്ളത്. കേരളത്തിൽ 1800 ഓളം മാത്രം വരുന്ന ഹീമോഫീലിയ രോഗികൾക്ക് മുൻപ് 36 കാരുണ്യ ഫാർമസി സെന്റർവഴി ലഭ്യമായിരുന്ന മരുന്ന് നിലവിൽ മെഡിക്കൽ കോളേജ് ഉൾപ്പടെ 80- ഓളം സർക്കാർ ആശുപത്രികളിൽ 24 മണിക്കൂറും ലഭ്യമാണ്. സങ്കീർണ്ണമായ രോഗാവസ്ഥയുള്ളതും, കിടപ്പിലായ രോഗികൾക്കും അവർ അപേക്ഷിക്കുന്ന പക്ഷം സന്നിഗ്ദ്ധ ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനായി ഒരു ഡോസ് മരുന്ന് കൈയ്യിൽ കരുതുന്നതിനും അത് യോഗ്യതയുള്ള ഒരു മെഡിക്കൽ പ്രാക്ടീഷണറുടെ മേൽ നോട്ടത്തിൽ ഉപയോഗിക്കുന്നതിനുമുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. |
| (ബി) | ഹീമോഫീലിയ രോഗികൾക്ക് മുൻപ് പി.എച്ച്.സി. തലത്തിൽ ലഭിച്ചു കൊണ്ടിരുന്ന ചികിത്സ ഇപ്പോൾ ലഭിക്കുന്നില്ലെന്നും ചികിത്സക്ക് ആവശ്യമായ എല്ലാ മരുന്നുകളും എല്ലാ ആശുപത്രികളിലും ലഭ്യമാകുന്നില്ലെന്നും ഉള്ള പരാതി പരിഹരിയ്ക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ ; | (ബി) | ഹീമോഫീലിയ ചികിത്സ കാരുണ്യ പദ്ധതിയിൽ നിന്നും ആശാധാര പദ്ധതിയിലേയ്ക്ക് മാറ്റിയതു മൂലമുള്ള ബുദ്ധിമുട്ടുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായതും ഫലവത്തായതുമായ ചികിത്സ ഉറപ്പാക്കുന്നതിനായി ഹീമോഫീലിയ ബാധിതർക്ക് കാരുണ്യ പദ്ധതിയുടെ നടത്തിപ്പിൽ മാറ്റങ്ങൾ വരുത്തുകയും നിവേദനങ്ങളിൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്ക് അനുസൃതമായി മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. കാരുണ്യ ബെനവലൻറ് ഫണ്ടിൽ നിന്നും പണം ലഭ്യമാക്കി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ 35 ഓളം കാരുണ്യ ഫർമസികൾ വഴി ഹീമോഫീലിയ രോഗ ചികിത്സയ്ക്ക് ആവശ്യമായ ഫാക്ടറുകൾ ലഭ്യമാക്കി, രോഗികൾക്ക് ഗവൺമെന്റ് ഡോക്ടറുടെ കുറിപ്പടിയ്ക്ക് അനുസരിച്ച് ഇവിടങ്ങളിൽ നിന്നും മരുന്ന് വാങ്ങി ഉപയോഗിക്കാൻ കഴിയുന്ന രീതിയാണ് മുൻപ് അനുവർത്തിച്ചു വന്നിരുന്നത്. രോഗികൾക്ക് കൃത്യ സമയത്ത് ശരിയായ രീതിയിലും അളവിലും ദേശീയ അന്തർ ദേശീയ മാനദണ്ഡങ്ങൾ പ്രകാരമുള്ള ചികിത്സ ലഭ്യമാക്കുന്നതിനും, രോഗികൾക്കുള്ള ബോധവൽക്കരണം നടത്തുന്നതിനും ലക്ഷ്യമിട്ടു കൊണ്ടാണ് "ആശാധാര" പദ്ധതി നടപ്പിലാക്കിയത്. വികേന്ദ്രീകൃതവും, അതിനൂതനവുമായ ചികിത്സാ രീതികൾ ഉൾപ്പെടുത്തി കൊണ്ടാണ് താലൂക്ക്, ജില്ലാ ആശുപത്രികൾ മുഖാന്തരവും, റീജിയണൽ ഹീമോഫീലിയ ട്രീറ്റ്മെൻറ് സെന്ററുകൾ, മെഡിക്കൽ കോളേജുകൾ എന്നീ തലങ്ങളിൽ ചികിത്സാ സൗകര്യം ഈ പദ്ധതിയിൽ ലഭ്യമാക്കിയിട്ടുള്ളത്. രോഗികൾക്ക് ചികിത്സ തേടുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിച്ചാണ് ജില്ലാ കേന്ദ്രങ്ങളിൽ മാത്രം ലഭ്യമായിരുന്ന മരുന്ന് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 50 ൽ അധികം താലൂക്ക് |

| | | | |
|---|---|---|---|
| | | | ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുള്ളത്. കേരളത്തിൽ 1800 ഓളം മാത്രം വരുന്ന ഹീമോഫീലിയ രോഗികൾക്ക് മുൻപ് 36 കാരുണ്യ ഫാർമസി സെന്റർവഴി ലഭ്യമായിരുന്ന മരുന്ന് നിലവിൽ മെഡിക്കൽ കോളേജ് ഉൾപ്പടെ 80- ഓളം സർക്കാർ ആശുപത്രികളിൽ 24 മണിക്കൂറും ലഭ്യമാണ്. സങ്കീർണ്ണമായ രോഗാവസ്ഥയുള്ളതും, കിടപ്പിലായ രോഗികൾക്കും അവർ അപേക്ഷിക്കുന്ന പക്ഷം സന്നിഗ്ദ്ധ ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനായി ഒരു ഡോസ് മരുന്ന് കൈയ്യിൽ കരുതുന്നതിനും അത് യോഗ്യതയുള്ള ഒരു മെഡിക്കൽ പ്രാക്ടീഷണറുടെ മേൽ നോട്ടത്തിൽ ഉപയോഗിക്കുന്നതിനുമുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. |
| (സി) | ചികിത്സക്കായി ദീർഘദൂരം യാത്ര ചെയ്യേണ്ടി വരുന്നതും സാമ്പത്തിക ബുദ്ധിമുട്ടും കണക്കിലെടുത്ത് പി.എച്ച്.സി. തലത്തിൽ ചികിൽസ ഉറപ്പ് വരുത്തുന്നതിനും എല്ലാ മരുന്നുകളും എല്ലാ ആശുപത്രികളിലും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | ഈ വിഷയം ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. ടെക്നിക്കൽ കമ്മറ്റി പരിശോധിച്ച് നൽകുന്ന ശുപാർശ പരിഗണിച്ച് ശാസ്ത്രീയവും ഉചിതവുമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ